**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **12-02-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ജില്ലാ ആശുപത്രി പേ വാർഡ് പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കരയിലെ ജില്ലാ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡ് അതീവ ശോചനീയാവസ്ഥയിലും ഉപയോഗയോഗ്യമല്ലാതായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **2019-ന് ശേഷം അറ്റകുറ്റപ്പണികൾ ചെയ്യാൻ കഴിയാത്തതിനാൽ നിലവിൽ മാവേലിക്കര ജില്ലാ ആശുപത്രിയിലെ പേവാർഡ് കെട്ടിടം ഉപയോഗയോഗ്യമല്ല.** |
| (ബി) | പ്രസ്തുത കെട്ടിടം പൊളിച്ച് നീക്കി പുതിയ പേ വാർഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആവശ്യമായ തുക അനുവദിക്കുമോ? | (ബി) | KHRWSമാനേജിംഗ് ഡയറക്ടർ അറിയിച്ചത് പ്രകാരം പേവാർഡിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിം-ഗിലെ (CET) സ്ട്രക്ചറൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിദഗ്ധർ പേവാർഡ് സന്ദർശിക്കുകയും, വിശദമായ സാമ്പിൾ പരിശോധനകൾ നട.ത്തുകയും ചെയ്തശേഷം 'റിട്രോഫിറ്റിംഗ്'' സാങ്കേതിക വിദ്യ ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയാൽ കെട്ടിടം പ്രവർത്തനക്ഷമമാക്കാം എന്ന് റിപ്പോർട്ട് ചെയ്തിരുന്നു എന്നുമാണ്. എന്നാൽ 30.12.2023-ലെ ആലപ്പുഴ ജില്ലാ വികസനസമിതി യോഗത്തിൽ പേവാർഡിന്റെ അറ്റകുറ്റപ്പണികൾസംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും കുട്ടികൾ ഉൾപ്പെടെയുള്ളവർ ചികിത്സ തേടുന്ന പേവാർഡ് കെട്ടിടം റിട്രോഫിറ്റിംഗ് വഴി ബലപ്പെടുത്തുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിക്കുകയും, ടി കെട്ടിടം പൊളിച്ച് നീക്കി പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതായിരിക്കും ഉചിതമെന്നും അറിയിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ KHRWS കോട്ടയം റീജിയണൽ മാനേജരെയും,ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യത്തേയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപ്രകാരം കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത ഉള്ള പക്ഷം ആശുപത്രികളിൽ പേവാർഡ് നിർമ്മിക്കുന്നതിനും നടത്തുന്നതിനും സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസി എന്ന നിലയിൽ KHRWS തന്നെ കെട്ടിടനിർമ്മാണം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് എം.ഡി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ